(ബി) കേരളത്തിലൊട്ടാകെ 9776 ഫാബിറ്റേഷനുകളുള്ളതിൽ 842 എണ്ണത്തിലാണ് നിലവിൽ ശുദ്ധജലവിതരണമില്ലാത്തത്. അവയുടെ ജില്ല തിരിച്ചുള്ള (വാർഡുകളുടെ എണ്ണം) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) ജലത്തിന്റെ ഉറവിട ലഭ്യതക്കനുസൃതമായി ശുദ്ധജലവിതരണം ഇല്ലാത്ത ഫാബിറ്റേഷനുകൾക്ക് മുൻഗണന നൽകിയാണ് പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും അവയുടെ അനുമതി നടപ്പിലാക്കിവരുന്നതും. ഉത്തരം (ബി)യിൽ പറഞ്ഞിട്ടുള്ള ഫാബിറ്റേഷനുകളിൽ 50 ശതമാനത്തിൽ ഏറെ ഫാബിറ്റേഷനുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിലേക്കുള്ള പദ്ധതികൾ നിലവിലുണ്ട്. അവയുടെ പണികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. എന്നാൽ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം പദ്ധതി നടത്തിപ്പിന് തടസ്സമായി നിൽക്കുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പരിപാടിയനുസരിച്ച് അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

ജപ്പാൻ സഹായത്തോടുകൂടി ആരംഭിക്കുന്ന ശുദ്ധജലവിതരണ പദ്ധതി

55 (280) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടുകൂടി ആരംഭിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ കൺസൾട്ടന്റ് നിയമനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത് ;

(ബി) ശുദ്ധജലവിതരണത്തിന് ജപ്പാനിൽ നിന്ന് കിട്ടുന്ന സഹായം എത്ര ;

(സി) ഈ സഹായം എത്ര കാലത്തിനുള്ളിലാണ് വിനിയോഗിക്കേണ്ടത് ;

(ഡി) ജപ്പാൻ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ കൺസൾട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് അഴിമതി ആരോപണത്തെപ്പറ്റി സംസ്ഥാന ഗവൺമെന്റ് അന്വേഷിച്ചുവോ ;

(ഇ) ഇതേ പ്രശ്നത്തെപ്പറ്റി സി.ബി.ഐ. അന്വേഷിച്ചിട്ടുണ്ടോ ;

(എഫ്) സി.ബി.ഐ.യുടെ അന്വേഷണ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(എച്ച്) സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് സംസ്ഥാനത്തിന് ലഭിക്കാത്തപക്ഷം പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനികളിൽ നിന്നും ഓഫറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച 4 ഓഫറുകളുടെ സാങ്കേതിക ബിഡുകളുടെ പരിശോധന പൂർത്തിയാക്കി. അതിൽ ഒന്നാം സ്ഥാനം ലഭിച്ച കമ്പനിയുടെ ഫിനാൻഷ്യൽ ബിഡിന്റെ പരിശോധന നടന്നുകൊണ്ടിരിക്കെ മാധ്യമങ്ങളും പ്രമുഖ രാഷ്ട്രീയ നേതാക്കളും മറ്റുള്ളവരും പി.സി.ഐ. എന്ന കമ്പനിയെ ഹ്രസ്വലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെ കുറിച്ച് വീണ്ടും വിമർശനങ്ങളും സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും ഇന്നത്തെ സാഹചര്യത്തിൽ പുതിയതായി ആഗോള ടെൻഡർ വിളിച്ച് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതായിരിക്കും ശരിയായ നടപടിയെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം ജെ.ബി.ഐ.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അവരുടെ അന്തിമ മറുപടി പ്രതീക്ഷിക്കുന്നു.

(ബി) കരാറനുസരിച്ച് 382.07 കോടി രൂപ കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിക്ക് ആദ്യഘട്ടമായി ലഭിക്കും. മൊത്തം ജപ്പാൻ സഹായം 1519.38 കോടി രൂപയാണ്.

(സി) ലോൺ എഗ്രിമെന്റ് പ്രാബല്യത്തിൽ വന്ന തീയതി (3-6-1997) മുതൽ 9 വർഷത്തിനുള്ളിൽ അതായത് 2006 ജൂൺ 3 നകം അവസാന ഗഡു വായ്പ കൈപ്പറ്റിയിരിക്കണം.

(ഡി) ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകത ഉണ്ടെന്നാരോപിച്ച് കൊണ്ട് വിജിലൻസ് ഡയറക്ടർ മുഖേന ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ മുൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ശ്രീമതി മിനി മാത്യുവിനെക്കൊണ്ട് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഇ) സി.ബി.ഐ. ഉദ്യോഗസ്ഥർ കേരള വാട്ടർ അതോറിറ്റിയിലെ ചില ഫയലുകൾ പരിശോധിച്ചിരുന്നു.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിനെക്കുറിച്ച് സംസ്ഥാന സർക്കാരിന് യാതൊരു അറിയിപ്പും ലഭ്യമായിട്ടില്ല.

ജലവിതരണത്തിനും ശുദ്ധീകരണത്തിനും ലോകബാങ്കിൽ നിന്നുള്ള വായ്പ

56 (281) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിതരണത്തിനും ശുദ്ധീകരണത്തിനും വേണ്ടി ലോകബാങ്കിൽ നിന്ന് എന്തു തുകയുടെ പലിശരഹിത വായ്പ ലഭിക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly